(രജിസ്റ്റർ ചെയ്തുകൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-8/980/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഇ-മെയിൽ : doidk.ksad@kerala.gov.in
ഫോൺ നം. 04862 227332
തീയതി.05.10.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമളി ഗ്രാമപഞ്ചായത്ത്

സർ

വിഷയം: കുമളി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-8/980/2018 തീയതി : 05.10.2018

# ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215 (4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

************************

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.08.2017 മുതൽ 15.07.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2018 മുതൽ 23.07.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ധനജയൻ റ്റി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജീവ് എം. എസ്. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മെജോ കെ.ജോർജ്ജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിനുമോൻ കെ.സി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആൻസി ജെയിംസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. എം. പി. ശശികുമാർ | 01.04.2017 മുതൽ 30.04.2017 വരെ |
| | ശ്രീ. എസ്. എൽ. അനിൽ കുമാർ | 01.05.2017 മുതൽ 10.06.2017 വരെ |
| | ശ്രീ. അജയ് കുമാർ വി. ബി. | 11.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീമതി. നസീമ എ. എം | 01.04.2017മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. എസ്.എൻ. അജിത് | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലിനറ്റ് ജോർജ് | 01.04.2017മുതൽ 31.11.2017 വരെ |
| | ശ്രീ. പ്രശാന്ത് ബി. | 01.12.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബിന്ദു ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീ. എൽദോസ് പോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. റഷീദ് പി. കെ. | 01.09.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പാർത്ഥിപൻ പി. | 01.04.2017 മുതൽ 31.05.2017 വരെ |
| | ഡോ. മുതൽ രാജ് | 01.06.2017 മുതൽ 28.02.2018 വരെ |
| | ഡോ.എ.ഹരികൃഷ്ണപിള്ള | 01.03.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോശാമണി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അജേഷ് എസ്.<br>ഡോ. വെങ്കിടലക്ഷ്മി | 01.04.2017 മുതൽ 31.08.2017 വരെ<br>01.09.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. കെ. കെ. ജീന | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ഷിംജ ബഷീർ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 – പൊതു അവലോകനം | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രിക അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | കംഫർട്ട് സ്റ്റേഷൻ ലേലം – കുടിശ്ശിക ₹402000/- | 2-1 |
| 14 | വാടക കുടിശ്ശിക – ₹27,396/- | 2-2 |
| 15 | തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ | 2-3 |
| 16 | വസ്തു നികുതികണക്കിലെ അപാകതകൾ | 2-4 |
| 17 | തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശിക | 2-5 |
| | ഭാഗം – 3 | |
| 18 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 3-1 |
| 19 | വെള്ളക്കരം – രണ്ട് തവണ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു | 3-2 |
| 20 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തടസ്സം - ₹50,000/- | 3-3 |
| 21 | അംഗൻവാടികളുടെ പ്രവർത്തനങ്ങൾ | 3-4 |
| 22 | ആരോഗ്യം വിദ്യാഭ്യാസം | 3-5 |
| 23 | വിവിധ മരുന്നുകൾ വാങ്ങൽ പ്രോജക്ടുകൾ | 3-6 |
| 24 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തടസ്സം 1000000/- | 3-7 |
| 25 | മാലിന്യസംസ്കരണത്തിലെ അപാകതകൾ | 3-8 |
| 26 | കണ്ടെയ്നർ ടോയ് ലറ്റ് സ്ഥാപിക്കൽ – അനുകരണീയ മാതൃക | 3-9 |
| 27 | വികസന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 3-10 |
| 28 | ഫലവൃക്ഷതൈ വിതരണം അധിക തുക നൽകൽ – നിരാകരണം – ₹20710/- | 3-11 |
| 29 | കൃഷിഭവന്റെ ദൈനംദിന ചെലവ് – നിരാകരണം- ₹273/- | 3-12 |
| 30 | കുരുമുളക് തൈ പണം ഒടുക്കിയെങ്കിലും നടീൽ വസ്തുക്കൾ ലഭ്യമായില്ല – തടസ്സം ₹900,000/- | 3-13 |
| 31 | ക്ഷമതയില്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തി | 3-14 |
| 32 | പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല | 3-15 |
| 33 | തെരുവ് വിളക്കുകളുടെ വിശദാംശം ലഭ്യമല്ല | 3-16 |
| | ഭാഗം – 4 | |

| | | |
|---|---|---|
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |



# ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 24.05.2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

*അനുബന്ധം 1* ആയി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹60345667 |
| വരവ് | ₹190798649.70 |
| ആകെ | ₹251144316.70 |
| ചെലവ് | ₹211602404.30 |
| നീക്കിയിരിപ്പ് | ₹39541912.40 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ (എ.സി.ആർ പ്രകാരം) | | 0 | 57339000 | 57339000 | 49514888 | 7824112 |
| വികസനഫണ്ട് എസ്.സി.പി. (എ.സി.ആർ പ്രകാരം) | | 0 | 15743380 | 15743380 | 13543878 | 2199502 |
| വികസനഫണ്ട് ടി.എസ്.പി. (എ.സി.ആർ പ്രകാരം) | | 0 | 4506169 | 4506169 | 3543692 | 962477 |
| മെയിന്റനൻസ് റോഡ് (എ.സി.ആർ പ്രകാരം) | | 0 | 13462000 | 13462000 | 13462000 | 0 |
| മെയിന്റനൻസ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | | 0 | 5823000 | 5823000 | 5798990 | 24010 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (എ.സി.ആർ പ്രകാരം) | | 0 | 34482604 | 34482604 | 26493734 | 7988870 |
| കെ.എൽ.എസ്.ജി.ഡി.പി. (എ.സി.ആർ പ്രകാരം) | | 0 | 11636302 | 11636302 | 6484888 | 5151414 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | 3730 | 22120 | 25850 | 14000 | 11850 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | തൊഴിലാളി കളുടെ കൂലി | 0 | 19250482 | 19250482 | 19250482 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1482 | 871766 | 873248 | 872248 | 1000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ് | | 839905 | 964864 | 180476 | 959512 | 845257 |
| ടോട്ടൽ സാനിട്ടേഷൻ ക്യാമ്പിയൻ | | 0 | 585000 | 585000 | 585000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച ചേർക്കക) | | | | | | |
| ഓണം വാരാഘോഷം (ഡി.റ്റി.പി.സി വിഹിതം) | | 0 | 75000 | 75000 | 75000 | 0 |
| സംസ്ഥാന ശുചിത്വ മിഷൻ വിഹിതം | | 0 | 95000 | 95000 | 95000 | 0 |
| ശബരിമല തീർത്ഥാടനം പ്രത്യേക ഗ്രാന്റ് | | 0 | 500000 | 500000 | 500000 | 0 |
| പട്ടികവർഗ്ഗവികസനം പ്രത്യേക ഗ്രാന്റ് (ബി ഫണ്ട്) | | 0 | 74880 | 74880 | 74880 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 425142 | | 0 | 425142 |
| | ജില്ലാ പഞ്ചായത്ത് | 0 | 800000 | | 800000 | 0 |
| ബി ഫണ്ട് | | | 47539900 | 47539900 | 47539900 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 12568000 | 12568000 | 12568000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 20934803 | 54341060 | 75275863 | 47150608 | 28125255 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 26541198 | 3813496 | 30414694 | 29347688 | 1007006 |
| മറ്റിനം-ഗുണഭോക്തൃവിഹിതം | | 963542 | 2506118 | 3469660 | 2221633 | 1248027 |

വി.പി.എഫ്.എ-12 പഴയ ട്രഷറി അക്കൗണ്ട് ആണ് (നീക്കിയിരിപ്പ്- 130713). എന്നാൽ അക്കൗണ്ട് ഏതാവശ്യത്തിന് ആരംഭിച്ചതെന്ന് വ്യക്തമല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 438 | 308326112 | 285 | 136488980 | 26 | 127 | 65 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നം. | പദ്ധതി നം. & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| - ഇല്ല - | | | |

<u>വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 33348959 | 19854954 | 35.35 |
| 2 | അസി. സെക്രട്ടറി | 14564287 | 7811365 | 53.63 |
| 3 | കൃഷി ഓഫീസർ | 10973330 | 5889941 | 53.67 |
| 4 | വെറ്റിനററി സർജൻ | 13848617 | 6574629 | 47.47 |
| 5 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 5640836 | 5358232 | 94.99 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1850000 | 1750000 | 94.59 |
| 7 | ഗ്രാമസേവകൻ | 38885000 | 11793000 | 30.33 |
| 8 | അസി. എഞ്ചിനീയർ | 175710083 | 65828679 | 37.46 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11255000 | 9663276 | 85.86 |
| 10 | ഹെഡ് മാസ്റ്റർ | 650000 | 364904 | 56.13 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 1600000 | 1600000 | 100 |
| ആകെ | | 308326112 | 136488980 | 44.26 |

<u>വിവിധ മേഖലകളിലെ ചെലവ് വിവരം</u>

| | പൊതു വിഭാഗം | | | പട്ടികജാതി വിഭാഗം | | | പട്ടികവർഗ്ഗ വിഭാഗം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) | ചെലവ് ശതമാനം | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) | ചെലവ് ശതമാനം | വകയിരുത്തിയ തുക (₹) | ചെലവ് തുക (₹) | ചെലവ് ശതമാനം | വകയിരുത്തിയ | ചെലവ് തുക | ചെലവ് ശതമാനം |

| | | | | | | | | | | തുക | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉല്പാദനം | 35282291 | 16902599 | 47.91 | 2908850 | 1360000 | 46.75 | 290300 | 38000 | 13.09 | | | 59.56 |
| സേവനം | 116146471 | 53428729 | 46.00 | 18064192 | 13708840 | 75.89 | 6941208 | 2895301 | 41.71 | | | 65.42 |
| പശ്ചാത്തലം | 122639800 | 46680788 | 38.06 | 5553000 | 3754832 | 67.61 | 800000 | 719891 | 89.98 | | | 67.70 |
| ആകെ | 274068562 | 117012116 | 42.69 | 26226042 | 18823672 | 60.33 | 8031508 | 3653192 | 45.48 | | | 65.70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ബാക്കി ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1482 | 871766 | 873248 | 872248 | 1000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19250482 | 19250482 | 19250482 | - |
| ആകെ | 1482 | 25803766 | 25805248 | 25804248 | 1000 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28800 | 18 |
| കർഷക തൊഴിലാളി പെൻഷൻ | 1796400 | 151 |
| വിധവ പെൻഷൻ | 14314100 | 1218 |
| വാർദ്ധക്യകാല പെൻഷൻ | 28195200 | 2328 |
| വികലാംഗപെൻഷൻ | 3093500 | 293 |
| അവിവാഹിതർക്കുള്ള പെൻഷൻ | 60000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹19252/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം കൃത്യമായി നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ് ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് – താമസം വിനാ അപേക്ഷകൾ തീർപ്പാക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ

കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ ലോഗ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി യഥാവിധി എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2018 മുതൽ 19.05.2018 വരെ | 5/18 | 28.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2016 | 2010-11മുതൽ 2014-15 വരെ | 03.10.2016 |

## 1-12 വാർഷിക കണക്കുകൾ- അപാകതകൾ.

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.തനതു ഫണ്ട് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു.(ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ കുമളി ശാഖയും സായാഹ്ന ശാഖയും) . തനതുഫണ്ടിനുവേണ്ടി ട്രഷറിയിലുണ്ടായിരുന്ന OLD VPF അക്കൗണ്ടിൽ പഞ്ചായത്തിന്റെ കണക്കുകൾപ്രകാരം 130713/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ട്രഷറികണക്കുകളിൽ തുകയൊന്നും ബാക്കിയില്ല.

2.വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ് ,കുടിശ്ശിക തുകകളുമായി വാർഷികകണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

3. തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. പഞ്ചായത്തിന്റെ ആകെയുള്ള ആസ്തികളുടെ ക്രോഡീകരണ, മൂല്യനിർണയ പ്രക്രിയകൾ പൂർണമായിട്ടില്ല. തൻവർഷ പദ്ധതിപ്രകാരം ആർജ്ജിച്ചവയുടേത് മാത്രമാണ് നടന്നിട്ടുള്ളത്.

5. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയൽ നിയമം പ്രകാരമുള്ള ഫീസ് പിരിവ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2011-ൽ ഒഴിവാക്കിയെങ്കിലും ബി-15 പത്രികയിൽ അത് കുടിശ്ശികയായി ഇപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്.

6. നോൺ ബാങ്കിംഗ് ട്രഷറികളിൽനിന്ന് ലഭിക്കുന്ന കാഷ് ഡിഡി ആക്കുന്നതിന് ആരംഭിക്കുകയും ഇപ്പോൾ ഇടപാടു നിലച്ചതുമായ ബാങ്ക് അക്കൗണ്ടിലെ (യൂണിയൻ ബാങ്ക് കുമളി ശാഖ -പ്ലാൻ അക്കൗണ്ട്) 71.54 ലക്ഷം രൂപയുടെ നീക്കിയിരിപ്പ് യഥാവിധി ക്രമീകരിച്ചിട്ടില്ല.

7. വിവിധ ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ മാസാന്ത്യ/വാർഷിക പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കംഫർട്ട് സ്റ്റേഷൻ ലേലം-കുടിശ്ശിക - ₹402000/-

ഗ്രാമപഞ്ചായത്ത് വക കംഫർട്ട് സ്റ്റേഷൻ 2017-18 വർഷത്തേയ്ക്ക് 30/03/2017-ന് നടന്ന ലേലത്തിൽ ശ്രീ. ഡാർലിംഗ് ജഗദീശൻ ₹952,000/-യ്ക്ക് ലേലം കൊള്ളുകയും 25/4/2017-ൽ ₹350,000/-യും 23/08/2017-ൽ ₹200,000/-യും അടയ്ക്കുകയും ചെയ്തു. കൂടാതെ 12/03/2018-ൽ തമിഴ് നാട് ലക്ഷ്മി വിലാസ് ബാങ്കിന്റെ ₹400,000/-യുടെ ചെക്ക് നല്കുകയും ചെയ്തു. ചെക്ക് ബാങ്കിൽ നല്കിയെങ്കിലും അക്കൗണ്ടിൽ പണമില്ലാത്തതിനാൽ ചെക്ക് മടങ്ങി. തുടർന്ന് വണ്ടി ചെക്ക് നല്കി പഞ്ചായത്തിനെ കബളിപ്പിച്ചതിന് പീരുമേട് മുൻസിഫ് കോടതിയിൽ സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി സെക്രട്ടറിക്ക് അനുവാദം നല്കിയിട്ടുണ്ട്. കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. കേസ് നടപടികളുടെ പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2018-19 ൽ പുതിയ ആളാണ് ലേലം കൊണ്ടിരിക്കുന്നത്.

## 2-2 വാടക കുടിശ്ശിക ₹27,318/-

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ 2017-18 വർഷം ₹27318/- കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| ക്രമ നം | പേര് | പ്രതിമാസ വാടക | വർഷാവസാനം കുടിശ്ശിക തുക ₹ | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | അസി. എഞ്ചിനീയർ, ഇറിഗേഷൻ | 1344 | 10752 | 08/17 മുതൽ 03/18 വരെ |
| 2 | വർഗീസ്, പുത്തൻവീട് | 3706 | 3706 | 03/18 ലെ വാടക |
| 3 | ഹൈറേഞ്ച് മാർക്കറ്റിംഗ് സൊസൈറ്റി | 2000 | 5000 | 01/18 മുതൽ 31/03/18 വരെ (01/18 -ലെ തുക ഭാഗികം) |
| 4 | കെ. എം. നജീബ് | 2205 | 1460 | 03/18 ഭാഗികം |
| 5 | വി. റ്റി. ഹരിഹരൻ | 2000 | 5000 | 01/18 മുതൽ 03/18 വരെ (1/18 ലെ തുക ഭാഗികം) |
| 6 | മാഹി | 2200 | 1400 | 03/18 ഭാഗികം |
| | ആകെ | | 27318 | |

പ്രതിമാസ വാടക ഭാഗികമായി ഈടാക്കുന്നത് ഒഴിവാക്കേണ്ട നടപടിയാണ്. എല്ലാ വാടകക്കാരുമായും കരാർ വച്ചിട്ടുള്ളതും കുടിശ്ശികക്കാരിൽ നിന്നും തുക ഈടാക്കുവാൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ

താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതിയും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചെങ്കര | 2 |
| 2 | വാണിജ്യ നികുതി ഓഫീസ്, കുമളി | 2 |
| 3 | പോലീസ് സ്റ്റേഷൻ, കുമളി | 1,2 |
| 4 | K.S.E.B, കുമളി | 1,2 |
| 5 | M.S.C ഹോട്ടൽസ് പ്രൈവറ്റ് ലി. | 2 |
| 6 | ശ്രീ. ഗോകുലം ചിറ്റ്സ് ഫിനാൻസ് ലി. | 2 |
| 7 | സൗത്ത് ഇന്ത്യൻ ബാങ്ക് | 1 |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പ് | 2 |
| 9 | MAIS L.P. സ്കൂൾ | 2 |
| 10 | ഹോളിഡേ ഹോം | 1 |
| 11 | S.N ടൂറിസ്റ്റ് ഹോം | 2 |

തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കണക്കിലെ അപാകതകൾ 2017-18 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്കിലെ വസ്തു നികുതി കണക്കുകളും സഞ്ചയ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി കണക്കുകളും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | സഞ്ചയപ്രകാരം | | സാംഖ്യപ്രകാരം | |
|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ-തൻവർഷം | 3398832 | 2365166 | 9957144 | 6011586 |
| പാർപ്പിടേതരാവശ്യത്തിനുള്ള കെട്ടിടങ്ങൾ – തൻവർഷം | 15380616 | 13312246 | 19474472 | 9336421 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ- കുടിശ്ശിക | 5003084 | 2732462 | - | 5894037 |
| പാർപ്പിടേതരാവശ്യ കെട്ടിടങ്ങൾ- കുടിശ്ശിക | 14010996 | 8253675 | - | 5482735 |

നികുതി സ്വീകരിക്കുമ്പോൾ പാർപ്പിട/പാർപ്പിടേതര എന്ന് കൃത്യമായി വർഗ്ഗീകരിച്ച് വാങ്ങി പോസ്റ്റ് ചെയ്യാത്തതുമൂലമാണ് സാംഖ്യയിലും സഞ്ചയയിലും ഗുരുതരമായ വ്യത്യാസം ഉണ്ടാവുന്നത്. ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ വസ്തുനികുതി ഇനത്തിൽ ബാലൻസായി കാണിച്ചിരിക്കുന്ന തുകയിൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | സാംഖ്യ പ്രകാരം | | | B-15 ഷെഡ്യൂൾപ്രകാരം |
|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ബാലൻസ് ₹ |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം- തൻവർഷം | 9957144 | 6011586 | 3945558 | 944667 |
| പാർപ്പിടേതരാവശ്യത്തിനുള്ള കെട്ടിടം- തൻവർഷം | 19474472 | 9336421 | 10138051 | 2096439 |
| പാർപ്പിടാവശ്യ കെട്ടിടങ്ങൾ-കുടിശ്ശിക | 10209790 | 5894037 | 4315753 | 7659516 |
| പാർപ്പിടേതരാവശ്യത്തിനുള്ള കെട്ടിടങ്ങൾ – കുടിശ്ശിക | 9659493 | 5482735 | 4173758 | 13766936 |

മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുടിശിക സംബന്ധിച്ച്

കുമളി ഗ്രാമപഞ്ചായത്തിന്റെ 17-ാം വാർഡിന്റെ പരിധിയിൽ വരുന്നതും മുല്ലപ്പെരിയാർ ഡാം മേഖലയിൽ ഉൾപ്പെടുന്നതുമായ തമിഴ്നാട് പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 54 കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഇനത്തിൽ 2012-13 മുതൽ 2017-18 വരെ ₹149,280/- കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. മേൽ കെട്ടിങ്ങളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 18.07.2017ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സമർപ്പിച്ച മറുപടിയിൽ വസ്തുനികുതി ഒടുക്കുന്നതിന് തമിഴ്നാട് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിരുന്നുവെന്നും പിഴപലിശ ഒഴിവാക്കുന്നതിനും ചില കെട്ടിടങ്ങൾ കാലപ്പഴക്കം മൂലം നശിച്ചതിനാൽ നികുതി ഒഴിവാക്കി നൽകണമെന്നും തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് അപേക്ഷിച്ചിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശികയിൽ തീരുമാനമെടുക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സേവന മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ഇതുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ശ്രദ്ധയിലെത്തിക്കുകയും ചെയ്യുക, പെൻഷൻ അപേക്ഷകൾ കാലികമായി തീർപ്പാക്കുക, സ്ത്രീകൾ/ശിശുക്കൾ/വൃദ്ധർ /വികലാംഗർ/പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ തുടങ്ങിയവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ആവിഷ്കരിക്കപ്പെട്ട പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. തൻവർഷം 12 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുക എന്ന ഏക അജണ്ട മാത്രമാണ് ഓരോ കമ്മിറ്റിക്കുമുണ്ടായിരുന്നത്. പരിചരണ സേവന പാക്കേജുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നട്ടുനായകത്വം വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ടി കർത്തവ്യം നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ പൂർണമായും വർക്കിംഗ് ഗ്രൂപ്പുകൾക്കും ഇതര സംഘങ്ങൾക്കും ഒഴിഞ്ഞു നൽകിയതായാണ് വ്യക്തമാകുന്നത്. നിക്ഷിപ്തമായ ചുമതലകളുടെ നിർവഹണത്തിൽ സജീവ പങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്തിന്റെ വികസനത്തിന് കരുത്തേകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 വെള്ളക്കരം-രണ്ടു തവണ പേയ്മെന്റ് ബുക്ക് ചെയ്തിരിക്കുന്നു

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ 2017 ആഗസ്റ്റ് മാസത്തെ വെള്ളക്കരം ഒടുക്കുന്നതിനുവേണ്ടി ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുന്നതിനായി 04.08.2017ൽ ചെക്ക് നം.703104 പ്രകാരം ₹32375/- പിൻവലിച്ചിട്ടുണ്ട്. എന്നാൽ, 2017 സെപ്റ്റംബർ മാസത്തിൽ വൗച്ചർ നം. 201488, 201492 (04.09.2017) എന്നിവ പ്രകാരം രണ്ട് വൗച്ചറുകളിൽ ₹32375/-യുടെ പെയ്മെന്റ് ബുക്ക് ചെയ്തിട്ടുണ്ട്. രണ്ട് വൌച്ചറുകളിലും 703104 ചെക്ക് നമ്പർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്ന ഹെഡിൽ നിന്നും രണ്ട് പെയ്മെന്റുകളും ബുക്ക് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് ബുക്കിൽ രണ്ട് പെയ്മെന്റുകളും ബുക്ക് ചെയ്തിട്ടുണ്ട്. പെയ്മെന്റ് വൗച്ചർ വിവരങ്ങൾ, ബാങ്ക് ബുക്ക് ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ രണ്ട് പേയ്മെന്റുകളും ബുക്ക് ചെയ്തിട്ടുള്ളതായും രണ്ടാമത് ബുക്ക് ചെയ്ത വൗച്ചർ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ, തനത് ഫണ്ടിന്റെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 703104 പ്രകാരം ₹32375/- പിൻവലിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2018 മാർച്ച് മാസത്തെ ബാങ്ക് പൊരുത്തപ്പെടുത്തൽ പത്രികയിൽ ₹32375/-യുടെ വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും ബാങ്ക് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ലാത്തതിനാൽ രണ്ടാമത് ചെയ്ത പെയ്മെന്റ് സംബന്ധിച്ച വിവരങ്ങളിൽ കൃത്യതയില്ല. രണ്ട് പെയ്മെന്റ് നടത്തിയതിന് വിവരങ്ങൾ വിശദീകരിക്കുന്നതിന് 20.07.2018ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സമർപ്പിച്ച മറുപടിയിൽ 2017 ഓഗസ്റ്റ് മാസത്തെ വെള്ളക്കരം ഒടുക്കുന്നതിനായി 2017 ഓഗസ്റ്റ് 4ന് പേയ്മെന്റ് ഓർഡർ (51700358) നൽകിയിരുന്നുവെന്നും വൗച്ചർ ജനറേറ്റ് ചെയ്തിരുന്നില്ലെന്നും പിന്നീട് 2017 സെപ്റ്റംബർ മാസത്തിൽ വീണ്ടും പെയ്മെന്റ് ഓർഡർ (51700505) നൽകിയെന്നും രണ്ട് വൗച്ചറുകൾ ജനറേറ്റ് ചെയ്യുവെന്നും എന്നാൽ രണ്ടാമത് ജനറേറ്റ് ചെയ്ത വൗച്ചർ റദ്ദ് ചെയ്തില്ല എന്നും വ്യക്തമാക്കി. രണ്ടാമത് ജനറേറ്റ് ചെയ്ത വൗച്ചർ റദ്ദ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ രണ്ട് പെയ്മെന്റുകളും കാണിച്ചിട്ടുണ്ട്. എന്നാൽ, ബാങ്ക് പൊരുത്തപ്പെടുത്തൽ പത്രികയിൽ മേൽ തുക ഉൾപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വൗച്ചർ നമ്പർ 201492 പ്രകാരമുള്ള പെയ്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, ബാങ്കിലെ കണക്കുകളുമായി പഞ്ചായത്തിലെ കണക്കുകൾ പൊരുത്തപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. മറുപടിയിൽ 2018 ഓഗസ്റ്റ് മാസത്തിൽ പൊരുത്തപ്പെടുത്തൽ നടത്തിയെന്നത് അംഗീകരിക്കുന്നില്ല.

### 3-3 പഠന മുറി നിർമ്മാണം (ടി.എസ്.പി)- പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ – 0358/18

ബിൽ നം. – 26/18 തീ. 22.01.2018 തുക – ₹150000

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പഠനമുറി നിർമ്മാണം എന്ന പദ്ധതിക്കായി രാജേഷ് കുമാർ വി., കാഞ്ഞിപറമ്പിൽ വീട് എന്ന ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായും പണി പൂർത്തീകരിച്ചിട്ടില്ല (ടി വ്യക്തിയുടെ പേരിലുള്ള എസ്.ബി.ഐ, കുമളി ബ്രാഞ്ച് അക്കൗണ്ട് നം. 67330817203 ലേക്ക് മേൽ സൂചിപ്പിച്ച ബിൽ പ്രകാരമുള്ള തുകയിൽ നിന്ന് ₹50000/- 22.01.2018 NEFT ചെയ്ത് നല്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതിനോ ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ₹50,000/- ചെലവ് തടസ്സപ്പെടുത്തുന്നു. ധനസഹായമായി തുക നൽകിയിട്ടും പണി പൂർത്തീകരിക്കാത്തതിന്റെ കാരണം സംബന്ധിച്ച് പട്ടികജാതി വർക്കിംഗ് ഗ്രൂപ്പോ, ക്ഷേമ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ചർച്ച ചെയ്യുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. ഈ

വിഷയത്തിലേയ്ക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 അംഗൻവാടികളുടെ പ്രവർത്തനങ്ങൾ

കമളി ഗ്രാമപഞ്ചായത്തിൽ 46 അംഗൻവാടികളാണുള്ളത്. ഇതിൽ 33 അംഗൻവാടികൾക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളുണ്ട് 22 അംഗൻവാടികൾക്ക് കുടിവെള്ളമില്ല. 24 കെട്ടിടങ്ങളും മതിൽകെട്ടി തിരിച്ചിട്ടില്ല. 8 അംഗൻവാടികൾ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. കുടിവെള്ളമില്ലാത്ത മേൽ അംഗൻവാടികൾക്ക് കുടിവെള്ളം എത്തിക്കാൻ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് 15.02.2017ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു. വാടകക്ക് പ്രവർത്തിക്കുന്ന എല്ലാ അംഗൻവാടികൾക്കും സ്ഥലം കണ്ടെത്തുന്നതിന് സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് 04.04.2017ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തീരുമാനങ്ങൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ, പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല.

അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി, ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 46 അംഗൻവാടികളിലായി 553 കുട്ടികൾക്ക് പോഷകാഹാര കിറ്റുകൾ നൽകുന്നുണ്ട്. 650 കൗമാരക്കാരായ കുട്ടികളും 584 പ്രീസ്കൂൾ കുട്ടികളുമുണ്ട്.

## 3-5 ആരോഗ്യം- വിദ്യാഭ്യാസം

ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന ലഭിക്കുന്നതിനാണ് സർക്കാർ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്ത് പ്രസ്തുത സമിതിക്ക് രൂപം നൽകിയത്. സംസ്ഥാന സർക്കാരിന്റെ ഈ മേഖലയിലെ ബൃഹത് പദ്ധതികളായ " ആർദ്രം", “പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം “ എന്നിവയിലുൾപ്പെടുത്തി നൂതനമായ പ്രോജക്ടുകൾ ആവിഷ്കരിക്കാൻ പന്ത്രണ്ട്, പതിമൂന്ന് പഞ്ചവത്സര പദ്ധതികളുടെ വികസന പരിപ്രേക്ഷ്യത്തിലൂടെ സർക്കാർ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക, വിട്ടുകിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക, പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക തുടങ്ങി അനന്ത സാധ്യതകളുള്ള കർമമേഖലയാണ് പ്രസ്തുത കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ളത്. ഈ മേഖലയുടെ വികസനവും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വളർച്ചയും പരസ്പര പൂരകങ്ങളാണ്. ആ നിലയ്ക്ക് ഏറെ കാര്യങ്ങൾ നിർവഹിക്കുവാനുള്ള പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയിൽനിന്ന് ഉചിതമായ സമീപനം ഉണ്ടായില്ലായെന്ന വസ്തുത ഏറെ ദൗർഭാഗ്യകരമാണ്.

എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനം സാർത്ഥകമാക്കുന്നതിനുള്ള ഇടപെടലുകളുണ്ടാകാതിരുന്നത് പ്രോജക്ടിന്റെ നിർവഹണത്തെ സാരമായി ബാധിച്ചു. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം മൂലം വീർപ്പുമുട്ടുന്ന പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവ ക്രമീകരിക്കാനുള്ളതിന്റെ സ്ഥിതിവിവര കണക്കുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അത് അടിസ്ഥാനമാക്കി പ്രോജക്ട് നിർദ്ദേശങ്ങളൊന്നും കമ്മിറ്റിയിൽ ചർച്ചയ്ക്കെത്തിയില്ലായെന്ന വസ്തുത ഈ അവസരത്തിൽ പ്രത്യേകം കാണേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യം കാര്യക്ഷമമായി നിർവഹിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ - തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല-തടസ്സം ₹685303

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവ നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സി.-യിലെ മെഡിക്കൽ ഓഫീസർ, ആയുർവേദ മെഡിക്കൽ ഓഫീസർ എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/ നമ്പർ | ബിൽ നം./ തുക | തുക നൽകിയത് | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | വിതരണം ചെയ്യുവാൻ ബാക്കി നിൽക്കുന്ന മരുന്നു |
|---|---|---|---|---|---|

| | | | | | കളുടെ മൂല്യം |
|---|---|---|---|---|---|
| S0223/18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 03/17-18 ₹250,000/- | മാനേജിംഗ് ഡയറക്ടർ, ഹോംകോ | NEFT മുഖേന സ്ഥാപനത്തിന് സ്റ്റേറ്റ്ബാങ്ക് ഓഫ് ഇൻഡ്യയുടെ കൈച്ചുണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 18.03.2017-ൽ ട്രാൻസ്ഫർ ചെയ്തു | --- | 250,000 |
| എസ്. 142/18 പി .എച്ച് . സി.-ക്ക് മരുന്നു വാങ്ങൽ | 24/17-18 തീ.12.10.18 ₹315,345/- 3517-18 തീ.26.02.18 ₹584,655/- | മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്കിന്റെ തിരുവനന്തപുരം, മെഡിക്കൽ കോളേജ് ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 12.01.2018 ൽ ₹315,345/-, 26.02.2018ൽ ₹584,655/- ട്രാൻസ്ഫർ ചെയ്തു | 464697 | 435303 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ₹685303/- യുടെ തടസ്സപ്പെടുത്തുന്നു. സാധാരണക്കാരന്റെ ആശ്രയമായ സർക്കാർ ആശുപത്രിയിൽ മരുന്ന് ലഭ്യമാകാത്ത അവസ്ഥയെക്കുറിച്ച് ആരോഗ്യ വർക്കിംഗ് ഗ്രൂപ്പോ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ചർച്ച ചെയ്യുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് - തടസ്സം ₹1000,000/-</u>

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ താഴെപ്പറയുന്ന ചെലവു തുകയായ ₹1000000/- തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പദ്ധതി നം. പദ്ധതി | ബിൽ നം/ തീയതി | തുക ₹ | തുക നല്കിയതിന്റെ വിവരം | തുക അടവാക്കിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | So-462/2018 ഐ.എ. വൈ. എസ്.സി) | 11/17-18 തീയതി 16.02.2018 | 1000,000 | അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി യുടെ പേരിലുള്ള എസ്.ബി.ഐ പീരുമേട് അക്കൗണ്ട് നം. 67055779142 ലേക്ക് 16.02.18ൽ NEFT ചെയ്ത് നല്കിയിട്ടുണ്ട് | അഴുത ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | | ആകെ | 1000,000 | | | | |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹1000,000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മാലിന്യ സംസ്കരണം-നടത്തിപ്പിലെ അപാകതകൾ

കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ 50 അംഗ 'ക്ലീൻകുമളി-ഗ്രീൻ കുമളി' എന്ന സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു. ചെയർമാനും കൺവീനറും ഒഴികെയുള്ള മറ്റ് അംഗങ്ങളെല്ലാം പഞ്ചായത്ത് കമ്മറ്റിയുമായി യാതൊരു ബന്ധവുമില്ലാത്തവരും റിസോർട്ടുകൾ, ഹോട്ടലുകൾ, വിവിധ കച്ചവട സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവരുമാണ്. 2016ലെ കേന്ദ്ര ഖരമാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ, ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പ്രകാരം മാലിന്യ നിർമ്മാർജ്ജനം ഉറവിടത്തിൽ തന്നെ നടത്തേണ്ടതാണ്. ഇതു പ്രകാരം വിവിധ സ്ഥാപനങ്ങളുടെ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നത് പഞ്ചായത്ത് ഏറ്റെടുക്കുന്ന പക്ഷം വിവിധ നിരക്കിലുള്ള ഫീസുകൾ ഈടാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടപ്പാക്കുന്നതിന് കമ്മറ്റിയുടെ യാതൊരു നിയന്ത്രണവുമില്ലാത്ത മേൽ സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്തിരിക്കുന്നു.

| ക്രമനം | പദ്ധതി | ചെലവ് തുക(₹) | റിമാർക്സ് |
|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണം-നിത്യനിദാനചെലവുകൾ പ്രോജക്ട് നം. 259/18 | ₹3500000/- | ശുചീകരണ തൊഴിലാളികളുടെ വേതനത്തിനായി ചെലവ് ചെയ്ത തുക |
| 2 | മാലിന്യസംസ്കരണത്തിന് വേസ്റ്റ് ബിൻ സ്ഥാപിക്കൽ പ്രോജക്ട് നം.430/18 | ₹100000/- | വേസ്റ്റ് ബിന്നുകൾ വാങ്ങി വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു |

ഇതു സംബന്ധിച്ച നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

I - സർക്കാർ ഉത്തരവ് അവഗണിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി. & ഒ. ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്തംബർ 15ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.07.2017ലെ സ.ഉ.(സാധാ)2511/2017 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരം ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

കുമളി ടൗണിലെ റിസോർട്ടുകൾ, ഹോട്ടലുകൾ കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ, തൊഴിലാളികൾ ശേഖരിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാലിന്യ നിർമ്മാർജ്ജന പ്ലാന്റിൽ കൊണ്ടുപോയി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പ്ലാന്റിൽ ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റുകയും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് ഉപയോഗിച്ച് ഗ്രാന്യൂൾസ് ആയി മാറ്റുകയും ഇവയുടെ വിൽപ്പന നടത്തുകയും ചെയ്യുന്നു.

II- നടത്തിപ്പിലെ അപാകതകൾ

1. മാലിന്യ നിർമ്മാർജ്ജനം സൊസൈറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നതിനാൽ പഞ്ചായത്ത് ഭരണസമിതി ഇതിന്റെ പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് നടത്തുകയോ ഇടപ്പെടലുകൾ നടത്തുകയോ സൊസൈറ്റി എങ്ങനെ പ്രവർത്തിക്കണം എന്ന് പഞ്ചായത്ത് തീരുമാനിക്കുകയോ ചെയ്യുന്നില്ല.

2. വ്യാപാരികളിൽ നിന്നും പ്രത്യേക രസീതുബുക്കുകൾ മുഖേന പണം പിരിക്കുന്നുണ്ടെങ്കിലും ആയത് പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്താതെ

സൊസൈറ്റിയുടെ പേരിലുള്ള ചെങ്കര സർവ്വീസ് സഹകരണ ബാങ്കിലുള്ള 3951 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഇതിൽ നിന്നു നാമമാത്രമായ ചെലവുകൾ മാത്രമാണ് നടത്തുന്നത്.

3. സൊസൈറ്റി ഓരോ ഇനം സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട തുകകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വരവിന്റെയും ചെലവിന്റെയും കൃത്യത പഞ്ചായത്ത് പരിശോധിക്കുന്നില്ല. സൊസൈറ്റിയുടെ രജിസ്റ്റർ പ്രകാരം 31.03.2018ലെ നീക്കിയിരുപ്പ് തുക ₹649,733/-യാണ്.

4. സൂപ്പർവൈസർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെടെ സൊസൈറ്റിയിലെ ആകെ ജീവനക്കാരുടെ എണ്ണം 45 ആണ്. ആയതിൽ 15 പേരുടെ വേതനം വിനോദ സഞ്ചാര വകുപ്പാണ് നൽകുന്നത്. അവശേഷിക്കുന്ന തൊഴിലാളികളുടെ ഉൾപ്പെടെയുള്ള വേതനം പഞ്ചായത്താണ് നൽകുന്നത്. വാഹനത്തിന്റെ ഡീസൽ, അറ്റകുറ്റപ്പണി എന്നിവയുടെ ചെലവും പഞ്ചായത്താണ് നടത്തുന്നത്. ആ നിലയിൽ പഞ്ചായത്തിന്റെ മോണിട്ടറിംഗ് അത്യാവശ്യമാണ്.

<u>ശുപാർശകൾ</u>

1. കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ മുതൽ എക്സ് വരെ വകുപ്പുകൾ, 2016- ലെ കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

2. മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായ രീതിയിൽ നടക്കുന്നതിനുള്ള ഇടപെടൽ കുടിവെള്ളം-ശുചിത്വ വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നില്ല. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സർക്കാരിന്റെ ഉത്തരവുകളും സർക്കുലറുകളും കാലാ കാലങ്ങളിലുള്ള നിർദ്ദേശങ്ങളും ആരോഗ്യ-വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്ത് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തി നിർവ്വഹണം ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പും പഞ്ചായത്ത് കമ്മിറ്റിയും ശരിയായ രീതിയിൽ മോണിട്ടറിംഗ് നടത്തുകയും ചെയ്യേണ്ടതാണ്.

3. ഇതുമായി ബന്ധപ്പെട്ട മുഴുവൻ വരവ് ചെലവുകളും പഞ്ചായത്ത് കമ്മിറ്റികളിലൂടെ ആവേണ്ടതാണ്.

## 3-9 <u>കണ്ടെയ്നർ ടോയ് ലറ്റ് സ്ഥാപിക്കൽ -അനുകരണീയ മാതൃക</u>

പ്രോജക്ട് നം. : 417/18


നിർവ്വഹണം : അസി. എഞ്ചിനീയർ

അടങ്കൽ : ₹1,300,000/-

ബിൽ നം. : 28.03.2018 ₹1,205,842/-

വിനോദസഞ്ചാര മേഖലയിൽ വളരെ പ്രാധാന്യമുള്ള കുമളി പട്ടണത്തിൽ ടോയ് ലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായ സ്ഥലപരിമിതി ഉള്ളതിനാൽ കുറഞ്ഞ സ്ഥലം മാത്രം ആവശ്യമുള്ളതും ആവശ്യമുണ്ടെങ്കിൽ നീക്കാവുന്നതുമായ ഒരു പദ്ധതിയായാണ് കണ്ടെയ്നർ ടോയ് ലറ്റ് നിർമ്മിച്ചിരിക്കുന്നത്. ഇതിനായി പ്രത്യേകമായി തറ കെട്ടുകയോ ഭിത്തി നിർമ്മിക്കുകയോ ചെയ്യേണ്ടതില്ല. ആയതിനാൽ ഇതനുസരിച്ച് 6 മീറ്റർ നീളവും 3 മീറ്റർ വീതിയും 2.58 മീറ്റർ ഉയരവും ബാഹ്യ അളവുകളുള്ള കണ്ടെയ്നറുകളിലാണ് ടോയ് ലറ്റുകൾ നിർമ്മിച്ചിരിക്കുന്നത്. 4 യൂറിനൽസുകളും 2 ടോയ് ലറ്റുകളും 2 വാഷ്ബേസിനുകളും പുറത്തേയ്ക്ക് രണ്ട് വാതിലുകളും ഉൾപ്പെടുന്നതാണ് ഒരു കണ്ടെയ്നർ ടോയ് ലറ്റ് യൂണിറ്റ്. വാട്ടർ ടാങ്ക് ഇതിനുമുകളിൽ തന്നെ സ്ഥാപിച്ചിരിക്കുന്നു. 1.6mm മാത്രമാണ് ഭിത്തിയുടെ കനം. സ്ഥലപരിമിതി അനുഭവപ്പെടുന്ന സാഹചര്യത്തിൽ അനുകരിക്കാവുന്ന മാതൃകയാണിത്. ഇന്റഗ്രേറ്റഡ് ലിഫ്റ്റേഴ്സ് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.





## 3-10 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നിർണായക പങ്കാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർവഹിക്കാനുള്ളത്. എന്നാൽ പ്രസ്തുത ചുമതല അതിന് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞുവോയെന്നത് സംശയകരമാണ്. ഓഡിറ്റ് വർഷം കമ്മിറ്റി 14 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം നൽകുന്നതിലും കരട് വികസന രേഖ തയ്യാറാക്കൽ, കരട് പദ്ധതി രേഖ തയ്യാറാക്കൽ, സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തിയാക്കൽ, ടെണ്ടർ നടപടികൾ, മരാമത്ത് എസ്റ്റിമേറ്റ് തയ്യാറാക്കൽ, പദ്ധതി ചെലവുകളുടെ വിലയിരുത്തൽ, പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ, പർച്ചേസിംഗ് കമ്മറ്റികളുടെ രൂപീകരണം എന്നീ വിഷയങ്ങളിലെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്ന് മിനിട്ട്സിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ മിനിട്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന തീയതികളിലും ഹാജർ പുസ്തകത്തിലെ തീയതികളിലും ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്.

ഉദാഹരണത്തിന് ഹാജർ ബുക്ക് പ്രകാരം 22.04.2017ൽ കമ്മറ്റി കൂടിയിരിക്കുന്നു. എന്നാൽ മിനിട്ട്സ് ബുക്ക് പ്രകാരം 06.04.2017ലാണ് യോഗം കൂടിയിരിക്കുന്നത്. കൂടാതെ സ്റ്റാന്റിംഗ് കമ്മറ്റി ഹാജർ പുസ്തകപ്രകാരം 22.09.2017ൽ കമ്മറ്റി കൂടിയിരിക്കുന്നു. എന്നാൽ മിനിട്ട്സിന്റെ ആദ്യഭാഗത്ത് 02.09.2017ലും ഉള്ളടക്കത്തിൽ 23.09.2017 ബുധനാഴ്ച യോഗം കൂടിയതായും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിൽ നിന്നും യഥാർത്ഥത്തിൽ നടക്കുന്ന കമ്മറ്റികളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലല്ല മിനിട്ട്സിലെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രവും സാമൂഹ്യവുമായ പശ്ചാത്തലങ്ങൾ ഉൾക്കൊണ്ട് അനുയോജ്യമായ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും അതിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും മുന്നിൽനിന്ന് നിരീക്ഷിക്കുകയും ചെയ്യേണ്ട സ്ററാന്റിംഗ് കമ്മിറ്റി തങ്ങളുടെ ചുമതല യഥാവിധി നിറവേറ്റേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പ്രൊജക്റ്റ് നം.241 - ഫലവൃക്ഷത്തൈ വിതരണം ജനറൽ- ഇൻവോയ്സ് ലഭ്യമാക്കിയില്ല - ചെലവ് തടസ്സം

| | | |
|---|---|---|
| അടങ്കൽ | പ്ലാൻ | ₹350,000/- |
| | ഗുണഭോക്തൃവിഹിതം | ₹116,666/- |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | കൃഷി ഓഫീസർ |
| ചെലവ് | | ബിൽ നം. 9/17-18<br>Dt.28.03.18 ₹25,968/- (Plan) |

പഞ്ചായത്തിലെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ഫലവൃക്ഷതൈകൾ വിതരണം ചെയ്യുന്നതിന് 75% പദ്ധതി വിഹിതവും 25% ഗുണഭോക്തൃവിഹിതവും വകയിരുത്തി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ആകെ ₹34625/-നുള്ള തൈകൾ വി.എഫ്.പി.സി.കെ യിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി വിഹിതമായ 75% ₹25768/- മേൽ ബിൽ പ്രകാരം വി.എഫ്.പി.സി.കെ യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 23.03.2018 ലെ ക്രെഡിറ്റ് ബിൽ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ₹8657/- ഗുണഭോക്തൃവിഹിതം നൽകിയതായി കാണുന്നില്ല. ക്യാഷ് രസീത്, തൈകൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല. വി.എഫ്.പി.സി.കെ യ്ക്ക് അനുവദനീയമായ ഗുണഭോക്തൃവിഹിതം നൽകേണ്ടതും ചെലവു തുകയ്ക്കുള്ള ക്യാഷ് രസീത്, ഇൻവോയ്സ് എന്നിവ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്. അതുവരേയ്ക്കും ₹25968/- ന്റെ പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 കൃഷിഭവന്റെ ദൈനംദിന ചെലവ് തുക അധികം പിൻവലിച്ചത് - നഷ്ടം - ₹273/-

നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ.

1) Ch.no.703942/02-11-17, ₹50,000/-

2) Ch.no.707174/27-03-18, ₹50,000/-

കൃഷിഭവന്റെ വൈദ്യുതി ബിൽ, ടെലിഫോൺ ചാർജ് തുടങ്ങിയ ദൈനംദിന ചെലവുകൾക്കാണ് മേൽ തുക പിൻവലിച്ചിട്ടുള്ളത്. ഇതിൽ ക്രമനം. 1ലെ സബ് വൗച്ചർ 1 പ്രകാരം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ടെലിഫോൺ ചാർജ് ആകെ ₹572/- ഒന്നിച്ച് ഒടുക്കിയിട്ടുണ്ട്. എന്നാൽ സബ് വൗച്ചർ 2 പ്രകാരം സെപ്റ്റംബർ മാസത്തെ ബിൽ തുകയായി ₹273/- വീണ്ടും പിൻവലിച്ചിട്ടുണ്ട്. ഇപ്രകാരം സെപ്തംബർ മാസത്തെ ടെലിഫോൺ ചാർജ്ജ് 2 തവണ പിൻവലിക്കുക വഴി പഞ്ചായത്തിന് ₹273/- നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 3-13 കുരുമുളക് കൃഷി- പണം ഒടുക്കിയെങ്കിലും നടീൽ വസ്തുക്കൾ ലഭ്യമായിട്ടില്ല. ചെലവ് തടസ്സം₹900000/-.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| 1) പദ്ധതി നം. | 58/18 |
| അടങ്കൽ | ₹900000/- |
| ചെലവ് - ബിൽ നം. | 5/17-18 Dt. 24.02.2018.<br>₹700000/- |
| 2) പദ്ധതി നം. | 18/18 |
| അടങ്കൽ | ₹400,000/- |
| ചെലവ് - ബിൽ നം. | 2/17-18Dt.21.10.2017.<br>₹200,000/- |
| ചെലവ് - ബിൽ നം. | 6/17-18 Dt. 28.03.2018.<br>₹200,000/- |

പഞ്ചായത്തിലെ വിവിധ കർഷക ഗുണഭോക്താക്കൾക്ക് കുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം ആകെ ₹1,100,000/- പിൻവലിച്ച് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ ഒടുക്കുകയുണ്ടായി. ഇതിൽ ആകെ ₹200,000/-നുള്ള കുരുമുളക് വള്ളികൾ മാത്രമേ ലഭ്യമാകുകയും നാളിതു വരെ വിതരണം ചെയ്യുകയും ഉണ്ടായിട്ടുള്ളു (ഇൻവോയ്സ് നം.30/10-10-2017). ലഭ്യമാകാത്ത കുരുമുളക് വള്ളികളുടെ വിലയായ ₹900,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ക്ഷമതയില്ലാത്ത സഹകരണ സ്ഥാപനത്തിൽ സ്ഥിര നിക്ഷേപം നടത്തി

ഓഡിറ്റ് തരംതിരിവ് 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിൽ സ്ഥിര നിക്ഷേപം നടത്തുവാൻ 1996-ലെ കേരള പഞ്ചായത്ത് രാജ്

(ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഈയിനത്തിൽ താഴെ പരാമർശിക്കും പ്രകാരം ₹2500,000/- നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയിസ് സഹകരണ സംഘത്തിൽ സൂക്ഷിച്ചിരിക്കുന്നതായി സ്ഥിര നിക്ഷേപ രജിസ്റ്റർ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നു.

| രസീത് നം | തീയതി | തുക ₹ |
|---|---|---|
| 1294 | 24.08.2017 | 500000 |
| 1295 | | 500000 |
| 1402 | 15.03.2018 | 1500000 |

പ്രസ്തുത സ്ഥാപനം 2009-10 മുതൽ ഓഡിറ്റ് തരംതിരിവ് 'സി' യിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് 25.04.2017 ലെ ജി-64/2017 കത്ത് മുഖേന ഉടുമ്പൻചോല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്) അറിയിച്ചിട്ടുണ്ട്. ക്ഷമതയില്ലാത്ത ധനകാര്യസ്ഥാപനത്തിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ, മേൽ സ്ഥാപനത്തിൽ നിക്ഷേപിച്ചിരിക്കുന്ന തുക പലിശ സഹിതം പിൻവലിച്ച് തനതു ഫണ്ടിലോ ഓഡിറ്റ് തരംതിരിവ് ബി-യിൽ കുറയാത്ത സ്ഥാപനത്തിലോ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല

വെള്ളക്കരം ഒടുക്കുന്നതിനായി 4/16 മുതൽ 3/17വരെ പ്രതിമാസം ₹32,375/- നിരക്കിൽ ₹3,88,500/- ജല അതോരിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ, 2017-18 ൽ വെള്ളക്കര കടിശികയിനത്തിൽ ₹5,14,228/-യും ഒടുക്കിയിട്ടുണ്ട്. എന്നാൽ, പൊതുടാപ്പുകളുടെ എണ്ണവും പ്രവർത്തനവും സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.ടി.)2242/2011 /ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ വെള്ളക്കരം ഒടുക്കിയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2017-18ൽ ₹707,735/- വൈദ്യുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഇനം, തരം, എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ, മീറ്ററുകൾ സ്ഥാപിച്ച വിവരവും ലഭ്യമല്ല. അതിനാൽ, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അധിക തുക ഒടുക്കേണ്ടി വരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും സാധിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി വിവരങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 800000 | പാലിന് സബ്സിഡി | 800000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 425142 | ജവഹർ ഭവന പലിശ സബ്സിഡി | 425142 | - |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 2017-18 | 845257 | പോഷകാഹാര വിതരണം | 845257 | - |

## 4-2 ഡെപ്പോസിററ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ജല അതോറിറ്റി | ഗാന്ധി നഗർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 778618/ 29.12.2017 77778619/ 29.12.2017 | 456095 | - | 456095 |
| - ടി - | പൈപ്പ് ലൈൻ നീട്ടൽ 9, 12 | 778619/ 29.12.2017 | 500000 | - | 500000 |
| - ടി - | തെക്കേക്കവലപൈപ്പ് ലൈൻ നീട്ടൽ | 778197/ 26.03.2018 | 150000 | - | 150000 |
| ഗ്രൗണ്ട് വാട്ടർ അതോരിറ്റി | ചോറ്റുപാറ രാജൻകട കുഴൽ കിണർ നിർമ്മാണം | 240/ 29.12.2017 | 55170 | - | 55170 |
| ജല അതോറിറ്റി | മന്നാക്കുടി പൈപ്പ് ലൈൻ | 165/ 22.11.2017 | 500000 | - | 500000 |
| – ടി - | കൊല്ലം പട്ടട കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 166/ 22.11.2017 | 500000 | - | 500000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ചോറ്റുപാറ ആശ്രയ കുഴൽ കിണർ നിർമ്മാണം | 241/ 29.12.2017 | 50810 | - | 50810 |
| ജല അതോറിറ്റി | ഗാന്ധി നഗർ കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ | 238/ 29.12.2017 | 43905 | - | 43905 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ഇല്ല

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ് ഇല്ല

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 6000000 |
| ആകെ | 6000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/ ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ് | നിക്ഷേപിച്ച തീയതി കാലയളവ് | ആകെ (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | കേരളാ ഗ്രാമീൺ ബാങ്ക് | 1 വർഷം 27.09.2017 | 1000000 | |
| 2 | അമരാവതി സർവ്വീസ് സഹകരണ ബാങ്ക്, കുമളി | 1 വർഷം 07.09.2017 | 2500000 | |
| 3 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സൊസാസൈറ്റി, നെടുങ്കണ്ടം | 1വർഷം 24.08.2017 | 2500000 | |
| | | ആകെ | 6000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹4,076/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1976-1977 | 26,27(2,3), 32(3b) | 1338 | സെക്രട്ടറി കുമളി ഗ്രാമപഞ്ചായത്ത് | 117010105681/ 19.12.2017 |
| 1987-1988 | 3(abc) | 414 | സെക്രട്ടറി കുമളി ഗ്രാമപഞ്ചായത്ത് | 117010105746/ 21.12.2017 |
| 1980-1981 | 3a,4b,5c | 98 | സെക്രട്ടറി കുമളി ഗ്രാമപഞ്ചായത്ത് | 117010105751/ 21.12.2017 |
| 1986-1987 | 87,3b,10b | 563 | സെക്രട്ടറി കുമളി ഗ്രാമപഞ്ചായത്ത് | 117010105753/ 21.12.2017 |
| 2000-2001 | 9 | 160 | എസ്.ചിത്ര, ക്ലാർക്ക് കുമളി ഗ്രാമപഞ്ചായത്ത് | 117010106859/ 21.12.2017 |
| 2001-2002 | 3-5 | 80 | എസ്.ചിത്ര, ക്ലാർക്ക് കുമളി ഗ്രാമപഞ്ചായത്ത് | 117010106860/ 21.12.2017 |
| 2003-2004 | 4(9) | 765 | എസ്.ചിത്ര,ക്ലാർക്ക് കുമളി ഗ്രാമപഞ്ചായത്ത് | 117010106862/ 21.12.2017 |
| 1999-2000 | 25(3) | 658 | ഹൈദ്രോസ് മീരാൻ കുമളി ഗ്രാമപഞ്ചായത്ത് | 117010106863/ 21.12.2017 |
| | ആകെ | 4076 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| സ്ഥാപന | വർഷം | ഖ. | ഉത്തര | സർചാർജ് | സ്വയം | റവന്യൂ | കോടതി | ആകെ | അവ | റിമാ |
|---|---|---|---|---|---|---|---|---|---|---|

| ത്തിന്റെ പേര് | | നം | വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | അടവാക്കിയ തുക, രസീത് നം. തീയതി | റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി | വ്യവഹാരങ്ങളിൽ | | ലഭിച്ച തുക | ശേഷിക്കുന്ന തുക | ർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| കുമളി ഗ്രാമ പഞ്ചായത്ത് | 1998-99 | 26 | എൽ. ധർമ്മപാലൻ | എൽ. എഫ്.4064/ സ്പെ.സെൽ./ (എസ്.സി.2)/02 തീ.30.05.02/ 19.07.02 | 4440 | | | | | | 4440 | |
| | | 29 | | | 25000 | | | | | | 25000 | |
| | | 30 | | | 10000 | | | | | | 10000 | |
| | | 36 | | | 50000 | | | | | | 50000 | |
| | | 37 | | | 1491 | | | | | | 1491 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 1999-2000 | 30,33,35, 36,41,42 | എൽ. ധർമ്മപാലൻ | എൽ.എഫ്.6657/ സ്പെ.സെൽ (എസ്.സി.2)/03 തീയതി: 04.12.03 | 76900 | | | | | | 76900 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2000-01 | 20(a) | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2)/04 തീയതി: 17.05.06 | 900 | | | | | | 900 | |
| | | 22 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2)/04 തീയതി: 17.05.06 | 1217 | | | | | | 1217 | |
| | | 35 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2)/04 തീയതി: 17.05.06 | 1591 | | | | | | 1591 | |
| | | 37(1) | റ്റി.വി. തോമസ് | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2)/06 തീയതി: 16.05.06 | 14440 | | | | | | 14440 | |
| | | 40 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2)/06 തീയതി: 17.05.06 | 745025 | | | | | | 745025 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2001-02 | 14 | എം.എൻ. അബ്ദുൾ റഹിം | എൽ.എഫ്. 9190/ സ്പെ.സെൽ (എസ്.സി.2)/07 തീയതി: 24.11.09 | 148050 | | | | | | 148050 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2002-03 | 3-11, 3-12, 3-13 | റ്റി.വി. തോമസ് | എൽ.എഫ്. 8307/ സ്പെ.സെൽ (എസ്.സി.2)/07 തീയതി: 26.10.09 | 23819 | | | | | | 23819 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| കമളി ഗ്രാമ പഞ്ചായത്ത് | 2006-07 | 3-8 | പി.ജെ. ജോസഫ് | എൽ.എഫ്. 23606/ സ്പെ.സെൽ (എസ്.സി./ സി1/11 തീയതി: 07.08.14/ 01.01.14 | 129004 | | | | | 129004 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 190798649.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 211602404.30 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 273 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2661271 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12 | - | 273 | പ്രശാന്ത് ബി, കൃഷി ഓഫീസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50000 | ശ്രീ. എസ്.എൻ. അജിത്ത്, അസി. സെക്രട്ടറി |
| 3-6 | 250000 | ഡോ. കെ.കെ. ജിന, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| | 435303 | ഡോ. വെങ്കിടലക്ഷ്മി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-7 | 1000000 | ശ്രീ. അജയ് കുമാർ വി. ബി, സെക്രട്ടറി |
| 3-11 | 25968 | പ്രശാന്ത് ബി, കൃഷി ഓഫീസർ |
| 3-13 | 900000 | പ്രശാന്ത് ബി, കൃഷി ഓഫീസർ |
| ആകെ | 2661271 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-3, 2-5

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രശാന്ത് ബി. | കൃഷി ഓഫീസർ | പഞ്ചിറ കിഴക്കുംകര പുത്തൻവീട് വാണിയറ വെള്ളനാട് പി.ഒ., തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ.6-308/2000/ 31.01.2001 | 26, 29, 30, 36, 37 | 5 |
| 1999-00 | എൽ.എഫ്.ഐ 6-55/2001/ 08.04.2002 | 30, 33, 35, 36, 41, 42 | 6 |
| 2000-01 | എൽ.എഫ്.ഐ 6-120/2003 /30.06.2003 | 20, 22, 35, 37(1), 40 | 5 |
| 2001-02 | എൽ.എഫ്.ഐ 6-40/04 /06.08.2004 | 14 | 1 |
| 2002-03 | എൽ.എഫ്.ഐ 6-640/ 2005/11.01.2006 | 2-5, 3-11, 12, 13 | 4 |
| 2003-04 | എൽ.എഫ്.ഐ 6-450/ 2007/04.09.2007 | 3-5 | 1 |
| 2005-06 | എൽ.എഫ്.ഐ 6-1109/ 2008/25.05.2009 | 3-2, 12, 16, 17, 18 | 5 |
| 2006-07 | എൽ.എഫ്.ഐ 8/1287/13/ 06.11.13 | 2-1 (I) a,b,c, 2-1(II), 2-2 മുതൽ 2-8 വരെ 3-1 മുതൽ 3-19 വരെ | 26 |
| 2007-08 | കെ.എസ്.എ-ഐ.ഡി.കെ.8/ 1019/2017 | 2-3, 2-4, 3-1, 3-3(ഭാഗികം), 3-4, 3-6, 3-7, 3-8, 3-9, 3-11 മുതൽ 3-16 വരെ | 15 |
| 2008-09 | കെ.എസ്.എ-ഐ.ഡി.കെ.8/804 /2018/27.16.18 | 2-1 മുതൽ 2-8 വരെ, 3-1 മുതൽ 3-17 വരെ | 25 |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.ഐ 8-1247/14 /31.03.15 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-16 വരെ | 22 |
| 2010-11 | കെ.എസ്.എ-ഐ.ഡി.കെ.8/229 /18/01.03.18 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-10 വരെ | 14 |
| 2011-12 | കെ.എസ്.എ-ഐ.ഡി.കെ.8/ 1003/18/11.01.18 | 2-1,2-2, 3-1 മുതൽ 3-16 വരെ | 18 |
| 2012-13 | എൽ.എഫ്.ഐ 8-829/ 2014/13.03.15 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-9 വരെ | 15 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ 8/784/18/04.04.18 | 2-1 a, b, 2-2, 2-3, 3-1 മുതൽ 3-4, 3-6, 3-7 വരെ | 9 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ 8/1143/17/17.10.17 | 2-2, 2-3, 3-1 മുതൽ 3-12 വരെ | 14 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ.8/ 447/18/18.05.18 | 2-1, 2-2, 3-1 മുതൽ 3-9 വരെ | 11 |
| 2016-17 | കെ.എസ്.എ.-ഐ.ഡി.കെ 8/341/18/22.03.18 | 2-1 മുതൽ 2-4, 2-6 മുതൽ 2-9 വരെ 3-1 മുതൽ 3-16 വരെ | 22 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ-8/980/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഇ-മെയിൽ : doidk.ksad@kerala.gov.in
ഫോൺ : 04862-227332
തീയതി: 05.10.2018

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി